# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.749/2022/LA/EST-C

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
20/10/2022

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള ജീവനക്കാരുടെ ജാതി തിരിച്ചുള്ള പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ച്.

സൂചന:- 1.റവന്യൂ (ദേവസ്വം) വകുപ്പിന്റെ **REV.DEV.3/301/2020-REV, REV.DEV.3/225/2021-REV** നമ്പർ കത്തുകൾ.

2. ഈ ആഫീസിലെ **02/07/2022**-ലെ **ROC.749/2022/LA** നമ്പർ സർക്കുലർ ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ ആഫീസുകൾ, സ്കൂൾ, കോളേജ്, ദേവസ്വങ്ങൾ എന്നിവിടങ്ങളിൽ എത്ര മുന്നോക്കക്കാർ, പിന്നോക്കക്കാർ, പട്ടികജാതി, പട്ടികവർഗ്ഗക്കാർ ജോലി നോക്കുന്നു എന്ന് സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ആവശ്യപ്പെട്ട് സൂചന (1) പ്രകാരം കത്തുകൾ ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആയവ ലഭ്യമാക്കുന്നതിന് ഈ ആഫീസിൽ നിന്നും സൂചന (2) പ്രകാരം സർക്കുലർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ പ്രസ്തുത വിവരം എല്ലാ ഗ്രൂപ്പ്/ആഫീസുകളിൽ നിന്നും ലഭിച്ചിട്ടില്ലാത്തതും ചില ആഫീസുകളിൽ നിന്നും ലഭിച്ചവയിൽ മുന്നോക്കക്കാർ, പിന്നോക്കക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം എന്നിവ കൃത്യമായി രേഖപ്പെടുത്താതെയും, വിവരങ്ങൾ പൂർണ്ണമായി പൂരിപ്പിക്കാതെയും, രേഖപ്പെടുത്തി നൽകിയ വിവരങ്ങളിൽ തെറ്റായി രേഖപ്പെടുത്തിയും കാണുന്നു.

ആകയാൽ പ്രസ്തുത വിവരം ഇതിനോടൊപ്പം ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തി **word file format**-ൽ തയ്യാറാക്കി **22/10/2022** വൈകുന്നേരം **5.00** മണിയ്ക്ക് മുമ്പായി ഈ ആഫീസി ലഭ്യമാക്കേണ്ടതാണ്.

മരാമത്തിന് കീഴിൽ വരുന്ന ആഫീസുകളുടേത് ഏകീകരിച്ച് ഒരു റിപ്പോർട്ട് ആയി ലഭ്യമാക്കേണ്ടതാണ്.

വിവരങ്ങൾ ലഭ്യമാക്കേണ്ട മാതൃക ചുവടെ ചേർക്കുന്നു.

| SL. NO | പേര് | ലാവണം | ജാതി | മുന്നോക്കം | പിന്നോക്കം | പട്ടിക ജാതി | പട്ടിക വർഗ്ഗം | സർവ്വീസിൽ പ്രവേശിച്ച തീയതി |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| ആകെ | | | | | | | | |

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫെയർ ആഫീസ് കോപ്പി

AR.18/10